45/DGE/HSE/NSS/2025

നാഷണൽ സർവീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ജഗതി ഉള്ളൂർ ലെയിൻ
(Opposite New Building )
തിരുവനന്തപുരം
04712323023
dhsensskerala@gmail.com

തീയതി : 30/08/2025

## സർക്കുലർ

വിഷയം: ഒന്നാം വർഷ വിദ്യാർത്ഥികളുടെ എൻറോൾമെൻറ് എസ്.എഫ്.യൂ. പ്രവർത്തന/അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് - സംബന്ധിച്ച്

ഹയർ സെക്കൻഡറി നാഷണൽ സർവീസ് സ്കീം 2025 – 26 അധ്യായന വർഷത്തെ ഒന്നാം വർഷ വോളണ്ടിയർമാരുടെ എൻറോൾമെൻറ് അടിയന്തരമായി പൂർത്തീകരിക്കേണ്ടതാണ്. ക്ലസ്റ്റർകൺവീനർമാർ യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന എൻറോൾമെൻറ് ക്രോഡീകരിച്ച് ജില്ലാ കൺവീനർമാർക്ക് നൽകേണ്ടതാണ്. ജില്ലാതലത്തിൽ ക്രോഡീകരിച്ച എൻറോൾമെൻറ് ലിസ്റ്റ് അതാത് ജില്ലാ കൺവീനർമാർ എൻ.എസ്.എസ്.സെല്ലിൽ ഏൽപ്പിക്കേണ്ടതാണ്. (ഹാർഡ് കോപ്പി & സോഫ്റ്റ് കോപ്പി)

സ്വാശ്രയ എൻ. എസ്. എസ്. യൂണിറ്റുകളുടെ അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് 4000/-രൂപ (നാലായിരം രൂപാ മാത്രം) പ്രോഗ്രാം ഓഫീസർമാർ, നാഷണൽ സർവീസ് സ്കീം, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം എന്ന പേരിൽ (SBI തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ മാറാവുന്നത്) എൻറോൾമെൻറ് ലിസ്റ്റിനോടൊപ്പം ക്ലസ്റ്റർ കൺവീനർമാർ വഴി ജില്ലാ കൺവീനർമാർക്ക് നൽകേണ്ടതാണ് ഡി. ഡി. യുടെ പിറകു വശത്ത് സ്കൂളിന്റെ പേര്, ജില്ലാ എന്നിവ വ്യക്തമായി രേഖപ്പെടുത്തണം. പുതുതായി പ്രവർത്തനമാരംഭിച്ച യൂണിറ്റുകൾ അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിനത്തിൽ 2000/- രൂപ (രണ്ടായിരം രൂപാ മാത്രം) യുടെ ഡി. ഡി. മേൽപ്പറഞ്ഞ രീതിയിൽ നൽകേണ്ടതാണ്. ഡി. ഡി. കളും ജില്ലാതലത്തിൽ ക്രോഡീകരിച്ച സ്കൂളുകളുടെ ലിസ്റ്റും (ഹാർഡ്കോപ്പി & സോഫ്റ്റ്കോപ്പി - എക്സൽ ഫോർമാറ്റിൽ SBI – OTHER BANK വേർതിരിച്ച്) ചുവടെ ചേർക്കുന്ന ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്. ജില്ലാ കൺവീനർമാർ ജില്ലയുടെ മുഴുവൻ ഡി. ഡി. യും ലിസ്റ്റുകളും സഹിതം സെപ്റ്റംബർ 15 ന് മുൻപ് എൻ. എസ്. എസ്. സെല്ലിൽ എത്തിക്കേണ്ടതാണ്.

### FORMAT 1

| SL.NO. | SCHOOL ADDRESS | DD NO. | BRANCH SBI | AMOUNT |
|---|---|---|---|---|

### FORMAT 2

| SL.NO. | SCHOOL ADDRESS | DD NO. | BRANCH OTHER BANK | AMOUNT |
|---|---|---|---|---|
| | | | | |

താഴെപ്പറയുന്ന രീതിയിൽ സ്വാശ്രയ യൂണിറ്റുകൾക്കുള്ള പ്രവർത്തന ഫണ്ട് യൂണിറ്റ് തലത്തിൽ സ്വരൂപിച്ച് അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് കഴിച്ചുള്ള തുക പൂർണമായും ബാങ്കിൽ നിക്ഷേപിക്കേണ്ടതും യൂണിറ്റ് തല ഉപദേശക സമിതിയുടെ അംഗീകാരത്തോടെ മാത്രം താഴെ പറയുന്ന ഹെഡുകളിൽ തുകകൾ ചെലവാക്കേണ്ടതുമാണ്.

യൂണിറ്റുകളുടെ വോളന്റിയർ അലോക്കേഷൻ 100 ആയതിനാൽ യൂണിറ്റുകളിൽ 100 വിദ്യാർത്ഥികളെ നിർബന്ധമായും എൻറോൾ ചെയ്യേണ്ടതാണ്.

വോളന്റിയർമാരുടെ എണ്ണം നൂറിൽ കുറവുള്ള യൂണിറ്റുകൾക്ക് പ്രവർത്തനാനുമതി ഉണ്ടായിരിക്കുന്നതല്ല.

| SL. NO. | ACTIVITY | AMOUNT PER YEAR | AMOUNT |
|---|---|---|---|
| 1 | REGULAR ACTIVITY | RS.400/-PER VOLUNTEER | 40,000/- |
| 2 | SPECIAL CAMPING PROGRAMME (COLLECT AT THE TIME OF SPECIAL CAMP) | RS.700/- PER 50 VOLUNTEER | 35,000/- |
| 3 | TOTAL AMOUNT FOR 100 VOLUNTEER | | **75,000/-** |

Break – up of Rs. 400/- under Regular activities given below.

| | | | |
|---|---|---|---|
| 1 | ADMINISTRATIVE EXPENDITURE AT DIRECTORATE | RS.40/- VOLUNTEER | 4,000/- |
| 2 | PROGRAMME OFFICER OUT OF POCKET ALLOWANCE | RS.60/- VOLUNTEER | 6,000/- |
| 3 | CLERICAL/ STATIONARY/ CONTIGENCY | RS. 25/- VOLUNTEER | 2,500/- |
| 4 | PROGRAMME EXPENDITURE | RS. 275/- VOLUNTEER | 27,500/- |
| | **TOTAL** | **400/-** | **40,000/-** |

മേൽ പട്ടിക പ്രകാരം 40,000/- രൂപയും (400 X 100), 35,000/- രൂപയും (700 X 50) സ്വാശ്രയ യൂണിറ്റുകളിലെ വോളന്റിയർ വിഹിതമായി നിശ്ചയിച്ചിട്ടുണ്ട്.

ഇത്തരത്തിൽ രണ്ടു വർഷത്തെ റെഗുലർ പ്രവർത്തനങ്ങൾക്കായി ഒരു വോളന്റിയർക്ക് 800/- രൂപ (എണ്ണൂറ് രൂപ മാത്രം) ക്രമത്തിൽ എൻറോൾമെൻറ് സമയത്ത് സ്വീകരിക്കാവുന്നതാണ്. സ്പെഷ്യൽ ക്യാമ്പ് സംഘാടന സമയത്തു മാത്രം പ്രസ്തുത പരിപാടിക്കുള്ള 700/- രൂപ (എഴുനൂറ് രൂപ മാത്രം) സ്വീകരിച്ചാൽ മതിയാകും. സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന അർഹരായ വോളന്റിയർമാർക്ക് തുക കണ്ടെത്തുന്നതിനായി പി.ടി.എ., സി.എസ്.ആർ. ഫണ്ടുകൾ, മറ്റു സ്പോൺസർഷിപ്പുകൾ തുടങ്ങിയ സഹായം യൂണിറ്റ്തല ഉപദേശക സമിതിയുടെ അംഗീകാരത്തോടെ സ്വീകരിക്കാവുന്നതാണ്.

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)